ശ്രീ. ആർ. ശങ്കർ : അവിടെ അങ്ങനെ സംഭവിക്കുന്നതിനു മുഖ്യമായ കാരണം, മണ്ണിനടിയിൽ കാണാൻസാധിക്കാത്ത രീതിയിൽ വലിയ boulders ഉണ്ട്. മണ്ണ് നീക്കികഴിഞ്ഞതിനുശേഷമായിരിക്കും പാറക്ഷണങ്ങൾ കാണപ്പെടുന്നത്. ജോലി നടന്നുകൊണ്ടിരിക്കുമ്പോൾ ഇങ്ങനെ പാറക്ഷണങ്ങൾ ഉള്ളതുകൊണ്ടുണ്ടാകുന്ന പ്രഷർമൂലം ഈ അപകടം ഉണ്ടാകുന്നതാണ്. ഇതിനു പ്രത്യേകം ഒന്നും ചെയ്യാൻ നിവൃത്തിയില്ല. പാറ എവിടെയുണ്ടെന്നു നേരത്തെ അറിയാൻ നിവൃത്തിയില്ല.

ടി. ബി. ക്ലിനിക്കുകൾ.

* 396. [3] †ശ്രീ. ടി. ഒ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ എത്ര ടി. ബി. ക്ലിനിക്കുകൾ ഉണ്ട് ;

(ബി) ആലുവായിൽ പണി പൂർത്തിയാകാറായ ടി. ബി. ക്ലിനിക്കിനു ആവശ്യമായ ഉപകരണങ്ങളും എക്സ്റേ യൂണിറ്റും നൽകാനുള്ള നടപടി ഉടനടി എടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) ഇപ്പോൾ 2 എണ്ണം.

(ബി) എടുക്കാം.

ശ്രീ. പി. ആർ. ഫ്രാൻസിസ് : തൃശ്ശൂർ ജില്ലയിലെ ടി. ബി. ക്ലിനിക്കിൽനിന്നു രണ്ടുമാസത്തിനുമുൻപ് എല്ലാ രോഗികളെയും പുറത്താക്കിയതായി അറിയുന്നു, അതിനു പ്രത്യേക കാരണമുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പ്രത്യേകം ചോദിച്ചാൽ മാത്രമേ കൃത്യമായിട്ടു ഉത്തരം പറയാൻ നിവൃത്തിയുള്ളൂ ; കെട്ടിടം അപകടനിലയിൽ ആയതുകൊണ്ടാണെന്നാണ് എന്റെ അറിവ്.

ശ്രീ. പി. ആർ. ഫ്രാൻസിസ് : രോഗികൾക്ക് പ്രവേശനത്തിനു മറ്റു സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ചെയ്തിട്ടുണ്ടായിരിക്കും.

ഡാക്ടർ കെ. എം. ചാക്കോ : താലൂക്ക് ഹെഡ്ക്വാർട്ടേഴ്സു ആശുപത്രികളിൽ ഓരോ ടി. ബി. ക്ലിനിക്കു ആശുപത്രി സ്ഥാപിക്കണമെന്നുള്ള ഗവണ്മെന്റ് നയം എത്രമാത്രം പ്രയോഗത്തിൽ വരുത്തിയിട്ടുണ്ട് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോൾ ആകെ 14 ടി. ബി. ക്ലിനിക്കുകളാണുള്ളത്. ഇപ്പോൾ 6 എണ്ണത്തിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. കൃഷ്ണൻ : വടകര ടി. ബി. ക്ലിനിക്കിന്റെ പണി പൂർത്തിയായിരിക്കുകയാണ്. ആവശ്യമുള്ള സ്റ്റാഫിനെ നൽകാൻ നടപടി നടത്തുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനു വേണ്ട നടപടി നടന്നുവരികയാണ്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : കൊയിലാണ്ടി ടി. ബി. കെട്ടിടത്തിന്റെ പണിതീർന്നെങ്കിലും വാട്ടർസപ്ലൈ, ഇലക്ട്രിസിറ്റി കണക്ഷൻ മുതലായ ജോലികളും ബാക്കിയുണ്ട്. അതിന്റെ ജോലി വേഗം പൂർത്തിയാക്കാൻ വേണ്ടതുചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിന്റെ പണി അടുത്തകാലത്താണ് പൂർത്തിയായതെന്നു തോന്നുന്നു. ബാക്കി പണികളും നടത്താൻ ആവശ്യമായ നടപടി എടുത്തിട്ടുണ്ട്.

†Put by Shri P. R. Francis.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു : നമ്മുടെ സംസ്ഥാനത്തു് 2 ശതമാനം ആളുകൾ ക്ഷയരോഗികളാണെന്നാണു കണക്കുകൊണ്ടു കാണുന്നതു്. ഇതു് സംബന്ധിച്ചു് കൂടുതൽ കേന്ദ്രസഹായം ലഭിക്കുമെന്നു കഴിഞ്ഞ നിയമ സഭയിൽ വ്യക്തമാക്കുകയുണ്ടായി. കൂടുതൽ ടി. ബി. ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനു് കേന്ദ്രത്തിൽ നിന്നു ധനസഹായം ലഭിക്കുന്നതിനുള്ള നടപടികൾ സത്വരമായി സ്വീകരിക്കുമോ ? എന്തെങ്കിലും സഹായം ഇതിനകം ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ടി. ബി. ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനു കേന്ദ്രത്തിൽ നിന്നു കിട്ടുന്ന സഹായം പ്രധാനമായി എക്സ്റേ, ലാബറട്ടറി എന്നിവയുള്ള സഹായമാണു് .

റബ്ബറിന്റെ വില

* 397. [4] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ വർഷവും, ഡിസംബർ മാസത്തിൽ സംസ്ഥാനത്തു് റബ്ബറിന്റെ വില വളരെ താണുപോകുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്നു് ആരാഞ്ഞിട്ടുണ്ടോ ;

(സി) സംസ്ഥാനത്തു് ഇപ്പോഴത്തെ ആണ്ടിനാൽ എത്ര റബ്ബർ ഉൽപാദിപ്പിക്കപ്പെട്ടുന്നുണ്ടു് ;

(ഡി) റബ്ബർവില നിയന്ത്രണം, നീക്കികൊണ്ടുള്ള കേന്ദ്ര നടപടി ഇവിടത്തെ റബ്ബർവിലയെ എത്രകണ്ടു ബാധിക്കുമെന്നു ഗവണ്മെന്റു് പരിശോധിച്ചിട്ടുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ) :

(എ, ബി) ഓരോ വർഷവും ഡിസംബർ മാസത്തിൽ സംസ്ഥാനത്തു റബ്ബറിന്റെ വില താണുപോകുന്നു എന്നതു ശരിയല്ല. റബ്ബറിന്റെ പൊതു വില നിയന്ത്രണ പ്രസിദ്ധീകരണത്തിൽതന്നെ റബ്ബറിന്റെ വില പൊങ്ങിയും താണും അനിശ്ചിതമായി തുടരുന്നതു കൊണ്ടു് കർഷകർക്കും വ്യാപാരികൾക്കും മിനിമവും മാക്സിമവും വില നിയന്ത്രിച്ചു ഉറപ്പു നൽകിയിരുന്നു.

(സി) കഴിഞ്ഞ 5 വർഷത്തെ റബ്ബർ ഉൽപാദനം താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണു്:

1958–59–ൽ	22,062	മെട്രിക് ടൺ
1959–60–ൽ	21,890	ടി
1960–61–ൽ	23,175	ടി
1961–62–ൽ	24,954	ടി
1962–63–ൽ	29,057	ടി

(ഡി) റബ്ബറിന്റെ വില നിയന്ത്രണത്തിൽ കേന്ദ്രഗവണ്മെന്റു് മാറ്റം വരുത്തിയെങ്കിലും മിനിമം വില ഇപ്പോഴും കർഷകർക്കു് ഉറപ്പു നൽകിയിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു ; എല്ലാ വർഷവും നവംബർ മാസത്തിൽ മലയായിൽനിന്നു റബ്ബർ ഇവിടത്തേക്കു ഇറക്കുമതി ചെയ്യാൻ കേന്ദ്രഗവണ്മെന്റു് അനുമതി നൽകുന്നതുകൊണ്ടാണു് ഡിസംബർ മാസത്തിൽ വില കുറയുന്നതു്. അതുപോലെ ഗവണ്മെന്റു് കർഷകർക്കു് വില നിയന്ത്രിച്ചു് ഉറപ്പു നൽകിയിട്ടുണ്ടെങ്കിലും അതു അവർക്കു പ്രയോജനപ്പെടുന്നില്ല. ഈ വക കാര്യങ്ങളിൽ എന്തെങ്കിലും നടപടിയെടുത്തു വിലനിയന്ത്രണം കർശനമായി പാലിക്കാൻ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly